കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് ഭവന പദ്ധതി - പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവന പൂർത്തീകരണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് തനതുഫണ്ടിൽ നിന്നും 500 രൂപാ നിരക്കിൽ ചെലവഴിച്ച് ടിപിടിഎ /എൻജിനീയറിംഗ് വിഭാഗത്തിന്റെ സേവനം ഉപയോഗപ്പെടുത്തുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ) നം. 317/2018/തസ്വഭവ — തിരുവനന്തപുരം, തീയതി, 02.02.2018

---

വായന:- 1) സ.ഉ.(സാധാ) നം.3875/2017/തസ്വഭവ തീയതി 30/11/2017

2) 13/12/2017 ൽ കൂടിയ ലൈഫ് മിഷൻ യോഗത്തിന്റെ തീരുമാനം. നം. 9

3) ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 23/12/2017 തീയതിയിലെ ലൈഫ്/പി.എം. 5/511/2017 നമ്പർ കുറിപ്പ്

## ഉത്തരവ്

പട്ടിക വർഗ്ഗ വിഭാഗക്കാരുടെ ഭവനങ്ങളുടെ പൂർത്തീകരണത്തിനായി യഥാർത്ഥ നിർമ്മാണച്ചെലവ് നല്കാൻ വായന(1) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ടിപിടിഎ/എൻജിനീയറിംഗ് വിഭാഗത്തിന്റെ സേവനം വിനിയോഗിക്കുന്നതിന് അനുമതി നൽകിയിരുന്നുവെന്നും നിലവിൽ ഈ സംവിധാനങ്ങൾ പൂർണ്ണമായി ഉപയോഗിച്ചിട്ടും കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവന പൂർത്തീകരണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് തനതുഫണ്ടിൽ നിന്നും 500 രൂപാനിരക്കിൽ ചെലവഴിച്ച് ടിപിടിഎ /എൻജിനീയറിംഗ് വിഭാഗത്തിന്റെ സേവനം ഉപയോഗപ്പെടുത്തുന്നതിന് അനുമതി നൽകുന്നതിന് വായന (2) പ്രകാരം തീരുമാനിച്ചിട്ടുണ്ടെന്നും വായന (3) മുഖേന ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ലൈഫ് പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവന പൂർത്തീകരണത്തിന് ഒരു എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ തനതുഫണ്ടിൽ നിന്നും 500 രൂപ (അഞ്ഞൂറു രൂപ മാത്രം) നിരക്കിൽ ചെലവഴിച്ച് ടിപിടിഎ/എൻജിനീയറിംഗ് വിഭാഗത്തിന്റെ സേവനം ഉപയോഗപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ